LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്രമസമാധാന പാലനം കൂടുതൽ മികവുറ്റതാക്കി മാറ്റാൻ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27-12-2006-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 3069/2006/ആഭ്യന്തരം പ്രകാരം ക്രമസമാധാന പോലീസ് വിഭാഗത്തിൽ നിന്നും അന്വേഷണ വിഭാഗത്തെ വേർപെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. വേഗത്തിലും മികച്ച രീതിയിലുമുള്ള കുറ്റാന്വേഷണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായിട്ടാണ് ക്രമസമാധാന പരിപാലനച്ചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിച്ചുകൊണ്ട് ഉത്തരവായത്. ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിച്ച് ഇതിനകം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേന്ദ്രസഹായം ലഭിക്കുന്നില്ല.

മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ

174 (1879) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം ആഭ്യന്തര വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

മാവേലിക്കര ജനമൈത്രി പോലീസ് സ്റ്റേഷനിൽ സ്ത്രീ സന്ദർശകർക്കായുള്ള വിശ്രമമുറി നിർമ്മിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുള്ളതും നൂറനാട് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള താമരക്കുളത്ത് ഒരു പോലീസ് ഔട്ട്പോസ്റ്റ് പ്രവർത്തനമാരംഭിക്കുകയും നൂറനാട് പോലീസ് സ്റ്റേഷനിൽ മുതിർന്ന പൗരന്മാർക്കും സ്ത്രീ സന്ദർശകർക്കുമായിട്ടുള്ള വിശ്രമമുറി നിർമ്മിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ നൂറനാട് മറ്റപ്പള്ളിയിൽ പഴയ ഫയറിംഗ് ബട്ടിൽ Count Insurgency and Anti Terrorism School (CIATS) അനുവദിച്ച് നിർമ്മാണം തുടങ്ങിയിട്ടുണ്ട്. വള്ളിക്കുന്നം പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ബിൽഡിംഗിന് മുകളിലായി പോലീസ് ഉദ്യോഗസ്ഥർക്കായി വിശ്രമമുറി നിർമ്മിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.